# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2272

18-03-2015-ൽ മറുപടിക്ക്

## ആലപ്പുഴ ജില്ലയിൽ പുതുതായി വ്യവായ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി.സുധാകരൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലകളിൽ ; വിശദാംശം നൽകാമോ ;<br><br>(ബി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ? വിശദവിവരം നൽകാമോ | (എ) & (ബി) | ഉണ്ട്. ആലപ്പുഴ ജില്ലയിൽ, ചേർത്തല പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള വ്യവസായ വളർച്ചാകേന്ദ്രത്തിൽ ആലപ്പി ഫൈബർടഫ്റ്റ് എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കയർ ഉപയോഗിച്ചുള്ള തറയിൽ വിരിക്കുന്ന കയറ്റുപായകളാണ് പ്രസ്തുത വ്യവസായ സ്ഥാപനത്തിൽ ഉൽപാദിപ്പിക്കുന്നത്.<br><br>സിഡ്കോയുടെ ആഭിമുഖ്യത്തിൽ ചേർത്തല വ്യവസായ എസ്റ്റേറ്റിൽ ചെറുകിട വ്യവസായം ആരംഭിക്കുന്നത് ഭൂമി അനുവദിച്ച പ്രിമിയർ ഇലക്ട്രോ കോട്ട്സ്, തകപ്പൻ കയർ വർക്സ് എന്നീ ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ യൂണിറ്റുകൾ കയർ, പൗഡർ കോട്ടിംഗ് എന്നീ മേഖലകളിലാണ് പ്രവർത്തിക്കുന്നത്.<br><br>ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം 4077 സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ ആരംഭിക്കുകയും 17976 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഫുഡ് പ്രോസസിംഗ്, റെഡിമെയ്ഡ് ഗാർമെന്റ്സ്, ജനറൽ എഞ്ചിനീയറിംഗ്, സിമന്റ്, അഗ്രിക്കൾച്ചർ, പേപ്പർ പ്രിന്റിംഗ് വുഡ്, ഐ.റ്റി. എന്നീ മേഖലകളിലാണ് കൂടുതൽ യൂണിറ്റുകളും ആരംഭിച്ചിട്ടുള്ളത്. കയർ മേഖലയിൽ കേരള സ്റ്റേറ്റ് കയർ മെഷീൻ മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് പ്രവർത്തനം ആരംഭിച്ചു. |

(സി) ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ / നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നു വ്യക്തമാക്കാമോ ?

(സി) ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എസ്.ഡി.പി., കെൽട്രോൺ കൺട്രോൾസ്, അരൂർ എന്നിവ പ്രവർത്തന ലാഭത്തിലും കയർ കോർപ്പറേഷൻ ലാഭത്തിലും പ്രവർത്തിക്കുന്നു. മറ്റ് സ്ഥാപനങ്ങളായ ഫോം മാറ്റിംഗ്സ്, ഓട്ടോകാസ്റ്റ്, സിൽക്ക് എന്നിവ നഷ്ടത്തിലും പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ